**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 432** | **28-06-2022 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല ശിവഗിരിക്ക് സമീപം തൊട്ടുവെയ് പുതിയ പാലം നിർമ്മിക്കുന്നതിന് കിഫ്‌ബിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രസ്തുത പദ്ധതിക്ക് 20-03-2022 ൽ 10.47 കോടി രൂപയുടെ ധനാനുമതി കിഫ്‌ബി നൽകിയിട്ടുണ്ട്.<br><br>ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്‌ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്‌ബിയിൽ വിശദപദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്നു. അത് കിഫ്‌ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്നതും മറ്റ് വ്യതിയാനങ്ങൾ ഉണ്ടോ എന്നതും കിഫ്‌ബി പരിശോധിക്കുന്നു. ന്യൂനതകൾ ഉള്ള പദ്ധതി റിപ്പോർട്ടുകൾക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകി അത് പരിഹരിച്ച് നൽകുവാൻ എസ്.പി.വികൾക്ക് നിർദേശം നൽകുന്നു. വിവിധ മേഖലകളിലെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെയാണ് പദ്ധതി അവലോകനം നടത്തുന്നത്. ഇതിനോടൊപ്പം ബന്ധപ്പെട്ട നിയമസഭാ സാമാജികർ, പദ്ധതി നിർവ്വഹണ ഏജൻസി/വകുപ്പ് ലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നു. പ്രസ്തുത അവലോകന റിപ്പോർട്ട് ഉൾപ്പെടെ വിശദപദ്ധതി റിപ്പോർട്ട് കിഫ്‌ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് പദ്ധതികൾക്ക് കിഫ്‌ബി ധനാനുമതി നൽകുന്നത്. മേൽ പദ്ധതി ടി രീതിയിൽ അവലോകനം നടത്തി ധനാനുമതി നൽകിയിട്ടുള്ളതാകുന്നു. |
| (ബി) | നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതിക അനുമതി ലഭ്യമാക്കി |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആയതിന്റെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ? | | പദ്ധതി  ടെൻഡർ ചെയ്യുന്നതിനുള്ള  നടപടി എസ്.പി.വി.യായ  കേരള റോഡ് ഫണ്ട് ബോർഡ് കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ